DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

18-05-2021

# കാർഷികമേഖലാവാർത്തകൾ

1. **അറിയിപ്പ്**

സംസ്ഥാനമൊട്ടാകെയുള്ള കനത്ത മഴയിലും കാറ്റിലും ഉണ്ടായ കൃഷിനാശം കർഷകർക്ക് ഓൺലൈൻ സംവിധാനത്തിലൂടെ ഇപ്പോൾ കൃഷിഭവൻ അധികൃതരെ അറിയിക്കാവുന്നതും നഷ്ടപരിഹാരത്തിന് അപേക്ഷിക്കാവുന്നതുമാണ്. കർഷകന്റെ പേര്, വീട്ടു പേര്, വാർഡ്, കൃഷിഭൂമിയുടെ ആകെ വിസ്തൃതി, കൃഷിനാശം ഉണ്ടായ വിളകളുടെ പേര്, എണ്ണം/വിസ്തൃതി എന്നീ വിവരങ്ങൾക്ക് ഒപ്പം കൃഷിയിടത്തിൽ കർഷകൻ നിൽക്കുന്നതുൾപ്പെടെയുള്ള നാശനഷ്ടങ്ങളുടെ ചിത്രങ്ങളും എടുത്ത് കൃഷി ഓഫീസറുടെ വാട്ട്സാപ്പ് നമ്പറിലേക്ക് അയച്ചു കൊടുക്കുക. ലോക്ക്ഡൗൺ മാനദണ്ഡങ്ങൾ നിലനിൽക്കുന്നതിനാൽ കർഷകർ പരമാവധി ഈ ഓൺലൈൻ സംവിധാനം പ്രയോജനപ്പെടുത്തി ഓഫീസ് സന്ദർശനം ഒഴിവാക്കേണ്ടതും കാർഷിക സംബന്ധമായ സംശയ നിവാരണത്തിന് കൃഷി ഓഫീസറുടെ നമ്പറിൽ ബന്ധപ്പെടേണ്ടതുമാണ്.

2. **പൂവൻ കോഴി കുഞ്ഞുങ്ങൾ വിൽപ്പനയ്ക്ക്**

ഒരു ദിവസം പ്രായമുള്ള ഗ്രാമപ്രിയ ഇനത്തിൽപ്പെട്ട പൂവൻ കോഴി കുഞ്ഞുങ്ങൾ പൗൾട്രി വികസന കോർപ്പറേഷനിൽ നിന്നും ലഭിക്കും. ആവശ്യമുള്ളവർ രാവിലെ പത്ത് മണിമുതൽ വൈകിട്ട് അഞ്ച് വരെ താഴെ പറയുന്ന ഫോൺനമ്പരുകളിൽ ബന്ധപ്പെടേണ്ടതാണ്.

കൊട്ടിയം – 9495000923,

തിരുവനന്തപുരം – 0471–2478585, 7510407930, 9495000915.

3. കോവിഡ് പശ്ചാത്തലത്തിൽ കൃഷിയുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് ഫോണിലൂടെ മറുപടിയുമായി കൃഷിവകുപ്പും കാർഷികസർവകലാശാലയും.

(1) വീട്ടിലെ കൃഷി തോട്ട പരിപാലനവുമായി ബന്ധപ്പെട്ട കീടരോഗ നിയന്ത്രണം, വളപ്രയോഗം, ഇടവിളകൃഷി തുടങ്ങിയ മേഖലകളിലെ സംശയങ്ങൾക്ക് ശാസ്ത്രീയമായ മറുപടി ഫോണിലൂടെ ലഭിക്കുന്നതിന് ഫാം ഇൻഫർമേഷൻ ബ്യൂറോയിൽ വിളിക്കേണ്ട നമ്പർ 9447185944, 9744444279.

(2) നാളികേര കൃഷിപരിപാലനം, കീടരോഗ നിയന്ത്രണം, വളപ്രയോഗം, തെങ്ങിൻതോപ്പിലെ ഇടവിളകൃഷി, നാളികേരാധിഷ്ഠിത സംയോജിത കൃഷി തുടങ്ങിയ മേഖലകളിലെ ശാസ്ത്രീയമായ സംശയനിവാരണത്തിന് ബാലരാമപുരം നാളികേര ഗവേഷണ കേന്ദ്രം ഫോണിലൂടെ മറുപടി നൽകും. വിളിക്കേണ്ട നമ്പറുകൾ : 9446283898, 9446540856, 9995447195.

(3) കാർഷിക വിഷയങ്ങളുമായി ബന്ധപ്പെട്ട സംശയങ്ങൾ കർഷകർക്ക് വെള്ളായണി കാർഷിക കോളേജിന്റെ ഹെൽപ്ഡെസ്ക് വഴി ദൂരീകരിക്കാവുന്നതാണ്. ഫോൺകാൾ വഴിയും വാട്സാപ്പിലൂടെയും ഈ സേവനം ലഭ്യമാണ്. കൃഷിശാസ്ത്രജ്ഞരുമായി ബന്ധപ്പെടേണ്ട ഫോൺ നമ്പറുകൾ ഇനി പറയുന്നു – 8547058115, 9446378182, 8281417167, 9387813940, 9447082165

(4) വെള്ളായണി ദക്ഷിണമേഖലാ പ്രാദേശിക കൃഷി ഗവേഷണ കേന്ദ്രം നടത്തിവരുന്ന കർഷകസാന്ത്വനം പദ്ധതി ഇപ്പോൾ ഓൺലൈനിലൂടെ ലഭ്യമാണ്. ഇതിലേക്കായി കർഷകർക്കു താഴെ പറയുന്ന കാർഷികവിദഗ്ധരെ വിളിക്കുകയോ സന്ദേശങ്ങൾ അയക്കുകയോ ചെയ്യാവുന്നതാണ്. ബന്ധപ്പെടേണ്ട വിദഗ്ധരുടെ നമ്പറുകൾ താഴെ കൊടുക്കുന്നു

- ഡോ. സന്തോഷ്കുമാർ ടി ( കീടനിയന്ത്രണം, പൊതുവായ കാർഷികപ്രശ്നങ്ങൾ ) – 8547058115
- ഡോ .ഹീര ജി ( രോഗനിയന്ത്രണം , കൂൺകൃഷി ) – 8921541980
- ഡോ . ശ്രീകല ജി.സ് ( സുഗന്ധവിള-വാണിജ്യവിള പരിപാലനം ) –8547105571

- ഡോ.അമൃത വി സ് (തേനീച്ചവളർത്തൽ ) – 9447428656
- ഡോ. സിമി എസ് (പഴവർഗ്ഗ കൃഷി ) – 9946867991
- ഡോ .ഉഷ സി തോമസ് (വിള പരിപാലനം ,കാലിതീറ്റ പുൽകൃഷി ) – 9496301170

## 4. ഓൺലൈൻ പരിശീലന പരിപാടികൾ

i) കോട്ടയം കാർഷിക വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (18-05-2021) ന് പഴം പച്ചക്കറി ലഘുസംസ്കരണം എന്ന വിഷയത്തിലും നാളെ (19-05-2021 ന് ) കശുമാവുകൃഷി അറിയേണ്ടതെല്ലാം എന്ന വിഷയത്തിലും ഓൺലൈൻ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ: 0481-2523421

ii) വയനാട് കൃഷിവിജ്ഞാനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഓൺലൈൻ കർഷക സംശയ നിവാരണ പരിപാടി നാളെ(19-05-2021 ന് ) 10 മണി മുതൽ നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ – 9074707544

iii) പത്തനംതിട്ട ജില്ലാ കൃഷിവിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (18-05-2021 ന് ) ഫലവൃക്ഷ തോട്ട നിർമ്മാണവും ശാസ്ത്രീയ പരിചരണ മുറകളും എന്ന വിഷയത്തിലും നാളെ (19-05-2021 ന് ) ശാസ്ത്രീയ മുട്ടക്കോഴി പരിപാലനം എന്ന വിഷയത്തിലും പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് 8078572094 എന്ന് ഫോൺ നമ്പരിൽ ബന്ധപ്പെടുക.

മീറ്റിങ്ങ് ഐഡി **meet.google.com/dpq-ykor-opd**

## 5. മഴക്കാല മുൻകരുതലുകൾ

(1) മഴക്കാലമായതിനാൽ പശു എരുമ തുടങ്ങിയ വളർത്തുമൃഗങ്ങളിൽ വിരബാധ കൂടുവാനുള്ള സാധ്യതയുള്ളതിനാൽ കർഷകർ ശ്രദ്ധിക്കേണ്ടതാണെന്ന് വെറ്ററിനറി യൂണിവേഴ്സിറ്റി പരാദ വിഭാഗം മേധാവി അറയിക്കുന്നു. കന്നുകുട്ടികൾ ജനിച്ച ഒരണ്ടാഴ്ച്ചയ്ക്കുള്ളിൽ ആദ്യത്തെ ഡോസ് ഒരു ബ്രോഡ്സ്പെക്ട്രം വിരമരുന്നു നൽകണം . തുടർന്ന് നാലാഴ്ചകഴിഞ്ഞു ഒരുതവണകൂടി വിരമരുന്നു കൊടുക്കാവുന്നതാണ്. മഴക്കാലം തുടങ്ങി മൂന്ന് ആഴ്ച്ചക്കുശേഷം എല്ലാഉരുക്കൾക്കും

ഒരുതവണ വിരമരുന്നു നൽകാവുന്നതാണ്. രക്തം കലർന്നതോ കഫവും രക്തവും കലർന്നതോ ആയ വയറിളക്കം, ശരീരം മെലിച്ചിൽ മുതലായ രോഗലക്ഷണങ്ങൾ കണ്ടാൽ ചാണകം പരിശോധിച്ചതിനുശേഷം വെറ്ററിനറിഡോക്ടറുടെ നിർദ്ദേശപ്രകാരം, ശരീരഭാരത്തിനനുസരിച്ച് വിരമരുന്നു നൽകേണ്ടതാണ്. ഗർഭിണിയായ പശുവിനു പ്രസവത്തിനു രണ്ടു-മൂന്നാഴ്ച മുൻപ് വിരമരുന്ന് നല്കാവുന്നതാണ്. ഒരു വയസ്സിനുതാഴെ പ്രായമുള്ള കന്നുകുട്ടികളിൽ പ്രതിരോധകുത്തിവെപ്പിനു രണ്ടോമൂന്നോ ആഴ്ച്ച മുൻപ് വിരമരുന്ന് നല്കാവുന്നതാണ്. എന്നാൽ ഒരുവയസിനുമുകളിൽ പ്രായമുള്ളവയ്ക്ക് മഴക്കാലം തുടങ്ങുമ്പോൾ വിരമരുന്ന് നൽകിയിട്ടുണ്ടെങ്കിൽ വേറെ വിരമരുന്നുനൽകേണ്ടതില്ല .

(2) മേയ് 31 ഓട് കൂടി കേരളത്തിൽ കാലവർഷം പ്രതീക്ഷിക്കുന്ന സാഹചര്യത്തിൽ കർഷകർക്കായി താഴെപറയുന്ന മുൻകരുതലുകൾ, ദക്ഷിണ മേഖല കാർഷിക ഗവേഷണ കേന്ദ്രം അഗ്രോമെറ്റീരിയോളജി മേധാവി അറിയിക്കുന്നു.

i) മഴയെ തുടർന്ന് അന്തരീക്ഷ ആർദ്രത ഉയരുമെന്നെതിനാൽ വിളകളിൽ കുമിൾ രോഗം ഉണ്ടാകാൻ സാധ്യതയുണ്ട്. തെങ്ങിന് കൂമ്പു ചീയലും, വാഴക്ക് ഇലപ്പുള്ളി രോഗവും, പച്ചക്കറികളിൽ ചീയൽ രോഗവും പടരാനുള്ള സാധ്യത ഉണ്ട്. അടുത്ത രണ്ടു ദിവസങ്ങളിൽ വെള്ളം ഇറങ്ങുന്ന അവസരങ്ങളിൽ അമ്ലത്തം കൂടാൻ സാധ്യത ഉള്ളതിനാൽ വിളകൾക്ക് കുമ്മായവും വളവും നൽകുക.

ii) കന്നുകാലി തൊഴുത്തിൽ അന്തരീക്ഷ ആർദ്രത കുറയ്ക്കാനുള്ള വായു സഞ്ചാരം ഉറപ്പു വരുത്തുക. തൊഴുത്തും പരിസരവും വൃത്തിയായി സൂക്ഷിക്കുക. മഴക്കാലത്ത് കുളമ്പ് സംബന്ധമായ അസുഖങ്ങൾ കൂടുതലായി വരുവാൻ സാധ്യതയുണ്ട്.

iii) കോഴിക്കൂട്ടിലെ ലിറ്റർ സമയാസമയങ്ങളിൽ ഇളക്കി കൊടുക്കുന്നതും കേടുവന്നാൽ മാറ്റുന്നതും ഉചിതമാകും. കോഴിക്കൂട്ടിൽ ഈർപ്പം തങ്ങിനിൽകാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം. അഗ്രോമെറ്റീരിയോളജി ഹെല്പ് ഡെസ്ക് നമ്പർ ഇനിപറയുന്നു: 8547058115